(ഡി) ഈ സ്ഥാപനം അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും കാരണം നവംബർ 2002 മുതൽ പഞ്ചസാര ഫാക്ടറിയും ജൂലൈ 2003 മുതൽ ഡിസ്റ്റിലറിയും പ്രവർത്തിക്കുന്നില്ല. ഇപ്പോൾ ഈ സ്ഥാപനം പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയുടെ പരിഗണനയിലാണ് എക്സൈസ് വകുപ്പിൽ നിന്നും കോൺഫിസ്ക്കേറ്റഡ് സ്പിരിറ്റ് വാങ്ങി ഇപ്പോൾ വിറ്റുവരുന്നു.

(ഇ ആന്റ് എഫ്) ട്രാവൻകൂർ ഷുഗേഴ്സിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ അത് ബി.ഐ.എഫ്.ആർ.-ന്റെ പരിഗണനയിലാണ് ചിറ്റൂർ ഷുഗേഴ്സിന്റെ പുനരുദ്ധാരണപദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ

26 [3033] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്, നഷ്ടത്തിലാണെങ്കിൽ എന്നുമുതൽ എന്നും നിലവിലുള്ള സഞ്ചിത നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന് ഗസ്റ്റ്ഹൗസ് ഉണ്ടോ; എങ്കിൽ എന്നു മുതൽ ഗസ്റ്റ്ഹൗസ് നിലവിൽ വന്നു; ഇത് സ്വന്തം കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; വാടക കെട്ടിടത്തിലാണെങ്കിൽ പ്രതിമാസ വാടകയെത്ര; ഗസ്റ്റ്ഹൗസിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്നും അതിനായി എന്തു തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ നല്കാമോ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മോശമായിരിക്കുന്ന സാഹചര്യത്തിൽ ഗസ്റ്റ്ഹൗസ് എടുക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ 1994-നു ശേഷം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2003-2004 വരെയുള്ള സഞ്ചിത നഷ്ടം 30.83 കോടി രൂപയാണ്.

(ബി) ഉണ്ട്. 2002 ഡിസംബർ മാസം മുതൽ 4000 രൂപ മാസ വാടകയുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഴയ ഗസ്റ്റ്ഹൗസിലെ പഴയ ഫർണിച്ചറുകളാണ് ഗസ്റ്റ്ഹൗസിൽ ഉപയോഗിച്ചു വരുന്നത്. ഇതിനായി പ്രത്യേക തുകയൊന്നും ചെലവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷന്റെ ചെയർമാൻ, ഡയറക്ടർമാർ മറ്റ് ഔദ്യോഗിക അതിഥികൾ തുടങ്ങിയവർ തലസ്ഥാനത്തുവന്നു താമസിക്കേണ്ടി വരുമ്പോൾ താമസസൗകര്യം ലഭ്യമാക്കാനും വാടക ഇനത്തിൽ തുക ലാഭിക്കുന്നതിനുമാണ് ഗസ്റ്റ്ഹൗസ് സൗകര്യം ഏർപ്പാടാക്കിയിട്ടുള്ളത്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിനെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ നടപടി

27 [3034] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ തകർച്ചയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റ് അനുവദിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായം ഭാഗികമായി മാത്രമേ ഈ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളുവെന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(സി) ഈ സ്ഥാപനത്തിൽ തൊഴിലാളി സംഘടനകളും മാനേജ്മെന്റും ഒപ്പിട്ട കരാർ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിൽ പിരിഞ്ഞ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിവിധ ഡിപ്പാർട്ടുമെന്റുകളെ കോർത്തിണക്കി പ്രസ്തുത സ്ഥാപനത്തെ രക്ഷിക്കുവാനുള്ള സംരംഭങ്ങൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) നവീകരണ പ്രവർത്തനങ്ങൾക്ക് 125 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് 50 ലക്ഷം രൂപയും നൂല് വാങ്ങിയ ഇനത്തിലെ ബാദ്ധ്യത തീർക്കുന്നതിന് 125 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(സി) ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നത് മൂലമാണ് പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത്.

(ഡി) പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ സാമ്പത്തിക പ്രതിസന്ധിമൂലം കഴിഞ്ഞിട്ടില്ല.

(ഇ) പുനരുദ്ധാരണ പരിപാടികൾ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly